# അക്കാദമിക

# മാസ്റ്റർ പ്ലാൻ

**2025 - 26**

# ആമുഖം

നൂറ്റാണ്ടുകൾക്ക് മുമ്പ് പുത്തിലോട്ട് താമസിച്ചിരുന്ന ജനസമൂഹം മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിച്ചവരായിരുന്നു. അന്ന് ഈ ചെറുകരയിലെ ജനങ്ങളേറെയും ഔപചാരിക വിദ്യാഭ്യാസതിന് കരിവെള്ളൂരിലെ മാന്യഗുരു സ്കൂളിലായിരുന്നു എത്തിയത്. ആയതിനാൽ അധികമാരും പഠനത്തിനായി പോയിരുന്നില്ല. അന്നത്തെ പ്രബലരായ ജന്മി തറവാടായിരുന്നു നീലമന, എടച്ചേരി നമ്പി തറവാട്, പടിഞ്ഞാറ്റത്ത് തുടങ്ങിയ തറവാടുകാൾ .

എടച്ചേരി നമ്പി തറവാട്ടിലെ കാരണവരായ ശ്രീ.നാരായണൻ നമ്പി തറവാട് അധീനതയിലുള്ള പുത്തിലോട്ട് ഒരു ഏകാധ്യാപക വിദ്യാലയം ആരംഭിച്ചു.1921 ൽ സ്ഥാപിതമായതാണ് പുത്തിലോട്ട് എ യു പി സ്കൂൾ ഓലമേഞ്ഞ ഒന്ന്, രണ്ട് ക്ലാസ് മുറികളിൽ പ്രായഭേദമന്യേ കുട്ടികളെ ഒന്നിച്ചിരുത്തി ഗണിതം, ഇംഗ്ലീഷ്, മണിപ്രവാളം എന്നീ വിഷയങ്ങളിൽ ഒതുങ്ങുന്നതായിരുന്നു അന്നത്തെ സമ്പ്രദായം. അധിക കാലം നന്നായി പ്രവർത്തിക്കാൻ ആ വിദ്യാലയത്തിന് കഴിഞ്ഞില്ല. 1930 കളുടെ അവസാനത്തെ പ്രവർത്തനം നിലക്കുമെന്നയപ്പോൾ ശ്രീ. പെരിങ്ങോത്ത് കണ്ണൻ മാസ്റ്റർ വിദ്യാലയം നടത്തിപ്പ് ഏറ്റെടുക്കുകയും 1945 വരെ തുടരുകയും ചെയ്തു. ഇപ്പോഴത്തെ മാനേജർ ശ്രീ. പി എൻ ശങ്കരൻ നമ്പൂതിരി ആണ്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാക്കുക.
- ഓരോ കുട്ടിക്കും മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹചര്യവും ഒരുക്കികൊടുക്കുക.
- ലഘുപഠനയാത്രകൾ, പഠനശിൽപ്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ തുടങ്ങിയവ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് അവരെ ബോധവന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധത്തോട്ടം എന്നിവ സംരക്ഷിക്കുക. കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

## ക്ലാസ് 3

മലയാളം

ലക്ഷ്യം : വായന പരിപോഷണം

- ക്ലാസ്സ് ലൈബ്രറിയിൽ രസകരമായ ബാലപ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തി വായനയ്ക്ക് അവസരം ഒരുക്കുന്നു.
- കൂട്ടുകാരുമൊത്തുള്ള വായന
  (ജൂൺ - ഫെബ്രുവരി, ക്ലാസ് ടീച്ചർ)

ലക്ഷ്യം : എഴുത്ത് പരിപോഷണം

- നിത്യവും വീട്ടിലും സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതാൻ അവസരം ഒരുക്കുന്നു.
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു.
- വിവിധ വിഷയങ്ങൾ നൽകി വിവരണങ്ങൾ തയ്യാറാക്കാനുള്ള അവസരം ഒരുക്കുന്നു.
- സംഭാഷണം, കഥ, കവിത എന്നിവ എഴുതാനുള്ള അവസരങ്ങൾ ഒരുക്കുന്നു.
  (ജൂൺ - ഫെബ്രുവരി, ക്ലാസ് ടീച്ചർ)

ലക്ഷ്യം : സർഗാത്മകത പരിപോഷണം

- പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരണത്തിനുള്ള അവസരം ഒരുക്കുന്നു.
- ബാലസഭ ( എല്ലാമാസവും ഒന്ന്, സാഹിത്യ ക്ലബ്ബ് )

## ഗണിതം

ലക്ഷ്യം : ഗണിതപഠനം ലളിതമാക്കൽ

- വിവിധ കളികളിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നു.ഗണിതക്രിയകൾ ലളിതമാക്കുന്നു.
- രസകരമായ പസ്സിലുകളും പറ്റേണുകളും പരിചയപ്പെടാൻ അവസരം ഒരുക്കുന്നു.
  (ജൂൺ - ഫെബ്രുവരി, ഗണിത അധ്യാപകൻ)

ലക്ഷ്യം : ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

- ഗണിത രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത ചുമർ തയ്യാറാക്കുന്നു.
  (ഡിസംബർ, ഗണിത അധ്യാപകൻ)

## പരിസരപഠനം

ലക്ഷ്യം : പ്രകൃതിയെ അറിയാൻ

- പ്രകൃതി നടത്തം
- ജൈവവൈവിധ്യ ഉദ്യാനസന്ദർശനം
  ( സെപ്റ്റംബർ, ശാസ്ത്ര അധ്യാപിക)

ലക്ഷ്യം : ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ

- ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.
- വിവിധ പതിപ്പുകൾ ( ചിത്ര പതിപ്പ്, വിരൽ ചിത്രങ്ങൾ, അക്ഷര ചിത്രങ്ങൾ ) തയ്യാറാക്കുന്നു.
  ( സെപ്റ്റംബർ - ഫെബ്രുവരി, ശാസ്ത്ര അധ്യാപിക)

## English

Aim : To hear English with correct pronunciation

- Cartoon time- providing opportunities to watch cartoon.
- Listening english news regularly
  (August- February, English club)

Aim : reading with feeling

- Organizing different levels of reading cards.allow them to read .
  ( August - February, english teacher)
- Allow them to read and write English words through game.
  ( August - February, english teacher)

Aim: enables writing without errors

- Encouraging students to write daily chores and experience. ( August - February, english teacher)
- Preparing an english magazine with kids articles and writings.
  ( October, English club)

# ക്ലാസ്സ് 4

മലയാളം

ലക്ഷ്യം : ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ.
( ലക്ഷ്യം നേടുന്ന വരെ, ക്ലാസ്സ് ടീച്ചർ)

ലക്ഷ്യം : വായന പരിപോഷണം

ക്ലാസ്സ് ലൈബ്രറി വായനയ്ക്ക് ഒരുക്കുന്നു.
പുസ്തക പരിചയം, പുസ്തക സംവാദം
( ജൂൺ - ഫെബ്രുവരി, ക്ലാസ്സ് ടീച്ചർ)

ലക്ഷ്യം : എഴുത്ത് പരിപോഷണം

പാഠഭാഗങ്ങളിൽ പഠനപ്രവർത്തനങ്ങൾ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ.
നിത്യവും വീട്ടിലും സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതാൻ അവസരം ഒരുക്കുന്നു.
( ജൂൺ - ഫെബ്രുവരി, ക്ലാസ്സ് ടീച്ചർ)

ലക്ഷ്യം : സർഗാത്മകത പരിപോഷണം

പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരണത്തിനുള്ള അവസരം ഒരുക്കുന്നു.
ബാലസഭ

ഗണിതം

ലക്ഷ്യം : ഗണിതപഠനം ലളിതമാക്കൽ

വിവിധ കളികളിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നു.ഗണിതക്രിയകൾ ലളിതമാക്കുന്നു.
രസകരമായ പസ്സിലുകളും പറ്റേണുകളും പരിചയപ്പെടാൻ അവസരം ഒരുക്കുന്നു.
ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു.
( ജൂൺ - ഫെബ്രുവരി, ക്ലാസ്സ് ടീച്ചർ)

ലക്ഷ്യം : ഗണിതശേഷികളുടെ പ്രകടനം

ഗണിത മേള - പ്രശ്നോത്തരി, പാസ്സിൽ, പാറ്റേൺ ഉൽപന്നങ്ങളുടെ പ്രദർശനം.
( ഒക്ടോബർ, ഗണിത ക്ലബ്)

ലക്ഷ്യം : ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

ഗണിത രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത ചുമർ തയ്യാറാക്കുന്നു.
( ജൂൺ - ഫെബ്രുവരി, ക്ലാസ്സ് ടീച്ചർ)

പരിസരപഠനം

ലക്ഷ്യം : പ്രകൃതിയെ അറിയാൻ

പ്രകൃതി നടത്തം
ജൈവവൈവിധ്യ ഉദ്യാനസന്ദർശനം

( ഡിസംബർ, ശാസ്ത്ര ക്ലബ്ബ്)

ലക്ഷ്യം : ശാസ്ത്ര പാഠനം ലളിതവും രസകരവുമാക്കൽ

ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.
വിവിധ പതിപ്പുകൾ ( ചിത്ര പതിപ്പ്, വിരൽ ചിത്രങ്ങൾ, അക്ഷര ചിത്രങ്ങൾ ) തയ്യാറാക്കുന്നു.
ശാസ്ത്ര ചുമർ - ശാസ്ത്ര വാർത്തകൾ പ്രദർശിപ്പിക്കൽ
( ജൂൺ - ഫെബ്രുവരി, ശാസ്ത്ര അധ്യാപിക)

ലക്ഷ്യം : ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം, സൂചിക പരിചയപ്പെടൽ.
ഭൂപടം ഒരുക്കൽ
( ജൂൺ - ഫെബ്രുവരി, ശാസ്ത്ര അധ്യാപിക)

English

Aim : To hear English with correct pronunciation

Cartoon time- providing opportunities to watch cartoon.
Listening english news regularly (August - February, English club)

Aim reading with feeling

Organizing different levels of reading cards.allow them to read .
( August - February, english teacher)

Allow them to read and write English words through game.
( August - February, english teacher)

Aim: enables writing without errors

Encouraging students to write daily chores and experience. ( August - February, english teacher)
Preparing an english magazine with kids articles and writings.( October, English club)

# യു പി

# മലയാളം

ലക്ഷ്യം : പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക.

അക്ഷരങ്ങളും, പദങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങൾ വാക്യങ്ങൾ നിർമ്മാണം. അടിസ്ഥാനശേഷി ഉറപ്പിക്കൽ.
( ജൂൺ - സെപ്റ്റംബർ, മലയാളം അധ്യാപകർ )

ലക്ഷ്യം : സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭവം വളർത്തി സർവശേഷി വളർത്തൽ.

എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണം.

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു.
( സെപ്റ്റംബർ - ഒക്ടോബർ, വിദ്യാരംഗം കലാസാഹിത്യ വേദി)

ലക്ഷ്യം : ലൈബ്രറി പുസ്തകവായന

പുസ്തക പരിചയം, അവതരണം.
( ആഗസ്റ്റ് - ഫെബ്രുവരി, വിദ്യാരംഗം കലാസാഹിത്യ വേദി)

# ഗണിതം

ലക്ഷ്യം : സംഖ്യാബോധവും ചതുഷ്ക്രിയകളും ഉറപ്പാക്കുക

വിവിധ കളികളിലൂടെ സംഖ്യാബോധം ഉറപ്പിക്കുകയും ചതുഷ്ക്രിയകൾ ഉറപ്പാക്കുകയും ചെയ്യുന്നു.
(ആഗസ്റ്റ് - ഡിസംബർ, ഗണിതദ്ധ്യാപകർ)

ലക്ഷ്യം : നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക

നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനുമുള്ള അവസരം ഒരുക്കുന്നു.
(സെപ്റ്റംബർ - ഡിസംബർ, ഗണിതദ്ധ്യാപകർ)

ലക്ഷ്യം : ഗണിതം രസകരമാക്കുക

ഗണിത അറിവുകളും ഗണിതവിസ്മയങ്ങളും വിവരങ്ങളും അടങ്ങിയ ഗണിത മാഗസിൻ തയ്യാറാക്കുന്നു.
(സെപ്റ്റംബർ, ഗണിതദ്ധ്യാപകർ)

# അടിസ്ഥാന ശാസ്ത്രം

ലക്ഷ്യം : കുട്ടികളിലെ ശാസ്ത്രീയ മനോഭാവം വളർത്തുക.

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.
(നവംബർ-ഡിസംബർ, ശാസ്ത്രാദ്ധ്യാപകർ)

ലക്ഷ്യം : ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ അറിയൽ.

ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ബട്ടർഫ്ലൈ പാർക്ക്, ഫ്രൂട്ട്സ് ഗാർഡൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവവൈവിധ്യ പാർക്ക്.
(നവംബർ-ഡിസംബർ, ശാസ്ത്രാദ്ധ്യാപകർ)

ലക്ഷ്യം : നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങൾക്ക് അവസരമൊരുക്കുന്നു.

പരീക്ഷണ കിറ്റ്, പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ.
(ജൂൺ - ഫെബ്രുവരി, ശാസ്ത്രാധ്യാപകർ)

# സാമൂഹ്യ ശാസ്ത്രം

ലക്ഷ്യം: സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ.

അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിനുള്ള പ്രശ്നങ്ങൾ നൽകുന്നു.
( ജൂൺ, സാമൂഹ്യശാസ്ത്രം അധ്യാപകർ)

ലക്ഷ്യം : പഠിതക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റൽ.

ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു.
( ജനുവരി, സാമൂഹ്യശാസ്ത്രം ക്ലബ്ബ്)

ലക്ഷ്യം : ജനാധ്യപത്യ ജീവിത സമീപനം രൂപപ്പെടുത്തുക.

ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.
(ജനുവരി, സാമൂഹ്യശാസ്ത്രം ക്ലബ്ബ്)

# English

**Aim : creating an atmosphere to hear correct pronunciation**

Cartoon time- showing interesting cartoon with correct pronunciation
(September,English club)

**Aim : empower creative reading**

Organizing different levels of reading cards.allow them to read .
( August - February, english teacher)

Allow them to read and write English words through game.
( August - February, english teacher)

**Aim: enables writing without errors**

Encouraging students to write daily chores and experience. ( August - February, english teacher)
Preparing an english magazine with kids articles and writings.
( October, English club)

# സംസ്കൃതം

ലക്ഷ്യം : യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ

അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ്, പാട്ടുകളും കഥകളും കേൾപ്പിക്കുന്നു.
( ജൂൺ - ഫെബ്രുവരി, സംസ്കൃത അധ്യാപിക)

ലക്ഷ്യം : യുപി തലത്തിലെ എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ

ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനായി പ്രവർത്തനങ്ങൾ. പ്രത്യേക ക്ലാസ്, പോസ്റ്റർ നിർമ്മാണം.
( ജൂൺ - ഫെബ്രുവരി, സംസ്കൃത അധ്യാപിക)

ലക്ഷ്യം : കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരാൻ

തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ ലൈബ്രറി ഒരുക്കുന്നു.വായന ഉറപ്പാക്കുന്നു.
( ജൂൺ - ഫെബ്രുവരി, സംസ്കൃത അധ്യാപിക)

# ഹിന്ദി

ലക്ഷ്യം : ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.

ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICT ഉപയോഗിച്ച് അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. കഥ, പട്ടു അവതരണം.
( ജൂൺ - ഫെബ്രുവരി, ഹിന്ദി അധ്യാപിക)

ലക്ഷ്യം : തെറ്റ് കൂടാതെ ഹിന്ദി വായിക്കുക.

ഹിന്ദി ചിത്ര കഥകൾ അതിന്റെ വീഡിയോ, താഴെ ഹിന്ദി വാക്യമുള്ളവ കാണിക്കുന്നു.
നിരന്തര പുസ്തക വായന.
( ജൂൺ - ഫെബ്രുവരി, ഹിന്ദി അധ്യാപിക)

ലക്ഷ്യം : ഹിന്ദിയിൽ സംസാരിക്കാനുള്ള അവസരം ഒരുക്കുക.

ഹിന്ദി ക്ലാസ്സിൽ അവരുടെ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കാനും പറയാനും അവസരം ഒരുക്കുന്നു.
( ജൂൺ - ഫെബ്രുവരി, ഹിന്ദി അധ്യാപിക)